പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5771 25.05.2017-ൽ മറുപടിക്ക്

## ചെക്ക്പോസ്റ്റ് വഴിയുള്ള നികുതി വെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, എം. വിൻസെന്റ്<br>,, അനൂപ് ജേക്കബ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട്ടിൽ നിന്ന് സംസ്ഥാനത്തിലേക്ക് ചെക്ക്പോസ്റ്റ് വഴിയും അല്ലാതെയും നികുതി വെട്ടിച്ച് നടത്തുന്ന കോഴിക്കടത്ത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റ് വഴി തമിഴ്നാട്ടിൽ നിന്നും വരുന്ന ഇറച്ചി ക്കോഴി മുൻകൂർ നികുതി അടച്ചാണ് കൊണ്ടു വരുന്നത്.<br>ചെക്ക്പോസ്ററുകളിൽ ഈ വാഹനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ക്രമക്കേടുകൾ കണ്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ചെക്ക്പോസ്ററിന് സമീപമുള്ള ചെറിയ വഴികളിലൂടെയുള്ള കോഴിക്കടത്ത് തടയുന്നതിന് ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം ഇന്റലിജൻസ് സ്ക്വാഡിന്റെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡിന്റെ സൂക്ഷ്മ നിരീക്ഷണം മൂലം കോഴിക്കള്ളക്കടത്ത് ഏറെക്കുറെ തടയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വാഹനപരിശോധനയ്ക്കായുള്ള വാണിജ്യ നികുതി വകുപ്പിന്റെ സ്ക്വാഡുകളിൽ ആവശ്യമായ ഇൻസ്പെക്ടർമാരെയും മറ്റുജീവനക്കാരെയും നിയമിക്കാത്തതിനാൽ നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല എന്നത് വസ്തുതയാണോ; വിശദമാക്കുമോ; | (ബി) യും (സി) യും | വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളിൽ ആവശ്യമായ ഇൻസ്പെക്ടർമാരും മററ് ജീവനക്കാരും നിലവിലുണ്ട്. ആയതിനാൽ ജീവനക്കാരുടെ അഭാവംമൂലം നികുതി വെട്ടിപ്പിനെതിരെ നടപടി സ്വീകരിക്കുന്നതിന് തടസ്സം വന്നിട്ടില്ല. അതുകൊണ്ടുതന്നെ നികുതിനഷ്ടം ഉണ്ടാകുന്നില്ല. |

| | | | |
|---|---|---|---|
| (സി) | പ്രതിവർഷം എത്ര കോടിരൂപയുടെ നികുതി നഷ്ടമാണ് ഇത്തരത്തിൽ ഉണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത മേഖലയിലെ നികുതി വെട്ടിപ്പ് തടയുവാൻ ഓൺലൈൻ ഡലിവെറി നോട്ട് നിർബന്ധമാക്കുവാൻ കർശനനടപടി സ്വീകരിക്കുമോ? | (ഡി) | ഇറച്ചിക്കോഴി കൊണ്ടുവരുന്നതിന് ഓൺലൈൻ ഡെലിവെറി നോട്ട് ഇപ്പോൾ നിർബന്ധമല്ല. ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ ഇറച്ചിക്കോഴിയുടെ നികുതി സംബന്ധിച്ച് പുതിയ തീരുമാനം ബാധകമാകും |

**സെക്ഷൻ ഓഫീസർ**